**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയിൽ ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കുവാൻ വേണ്ട പഠനങ്ങൾ നടന്നുവരുന്നു. ഹെഡ്ഓഫീസ് പരിസരത്ത് രണ്ടു firms ന്റെ സ്മാർട്ട് വാട്ടർ മീറ്റർ ആദ്യഘട്ട പഠനം എന്ന നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. മെക്കാനിക്കൽ വാട്ടർ മീറ്ററും സ്മാർട്ട് വാട്ടർ മീറ്ററും ഉപയോഗിച്ച് നിലവിൽ ഒരു താരതമ്യ പഠനം നടന്നുവരുന്നു. |
| (ബി) | ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ച കണ്ടെത്തി തടയുന്നതിന് ഉല്പാദന, വിതരണ കേന്ദ്രങ്ങളിൽ ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ജലശുദ്ധീകരണ ശാലകളിൽ ജലത്തിന്റെ ഉല്പാദന അളവ് അറിയുന്നതിന് ബൾക്ക് മീറ്റർ സംവിധാനം ഉൽപാദന കേന്ദ്രങ്ങളിൽ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ച കണ്ടെത്തുന്നതിന് ചില വിതരണ - കേന്ദ്രങ്ങളിൽ ബൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.<br><br>ബൾക്ക് മീറ്റർ സ്ഥാപിക്കാത്ത വിതരണ കേന്ദ്രങ്ങളിൽ ബൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പൈപ്പ് പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം തടയുന്നതിനും മണ്ണിനടിയിലെ ജലത്തിന്റെ ചോർച്ച കണ്ടെത്തുന്നതിനുമുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ഡിവിഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | പൈപ്പ് ലീക്കുകൾ റിപ്പയർ ചെയ്യുന്നതിന് "റണ്ണിങ് കോൺട്രാക്ട് (RC) സിസ്റ്റം ഉപയോഗിച്ചുവരുന്നു. എന്നാൽ ചില സമയങ്ങളിൽ ലീക്ക് അറ്റകുറ്റപണികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യത്തിൽ അടിയന്തിരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിലേക്ക് “Blue ബ്രിഗേഡ്" സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ഒരു പ്ലംബർ/ഫിറ്റർ വർക്കർമാർ എന്നിവർ അടങ്ങുന്നതാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം. ഇതിന്റെ നേരിട്ടുള്ള നിയന്ത്രണം ഓവർസീയർ/അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഡിവിഷൻ ഓഫീസുകളിലും ബ്ലൂ ബ്രിഗേഡ് സംവിധാനം |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടുണ്ട്. പൈപ്പ് ലൈനിലെ അടിയന്തിര അറ്റകുറ്റപ്പണി, വാൽവ് റിപ്പയർ, വാൽവ് നിയന്ത്രണം തുടങ്ങിയ പണികൾ കൺട്രോളിങ് ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ